LIBRARY ARCHIVES Kerala Legislative Assembly

കെയുള്ളവരുടെ സേവന-വേതന വ്യവസ്ഥയും മറ്റും പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ആരോഗ്യവകുപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സഹകരണ വകുപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ ശിപാർശകൾ പരിശോധിച്ച് നിലവിലുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ആരോഗ്യവകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), ആരോഗ്യവകുപ്പ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും കൊച്ചി മെഡിക്കൽ കോളേജിന് 5 വർഷക്കാലത്തേയക്ക് സ്റ്റാന്റ് എലോൺ സ്റ്റാറ്റസ് നൽകുന്നതിന് യോഗ്യതയുള്ള സ്ഥിരം ജീവനക്കാരേയും കരാറടിസ്ഥാനത്തിലുള്ള ജീവനക്കാരേയും സർക്കാർ സർവ്വീസിലേയ്ക്ക് സംയോജിപ്പിക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. ഇത് ധനകാര്യ-ആരോഗ്യ-കുടുംബക്ഷേമ വകുപ്പുകളുടെ പരിശോധനയിലാണ്. കോളേജ് സർക്കാർ ഏറ്റെടുത്തെങ്കിലും ജീവനക്കാരുടെ സംയോജനം പൂർത്തിയാകാത്തതിനാൽ വികസനപ്രവർത്തനങ്ങൾക്ക് ഇപ്പോൾ തുകയൊന്നും വകയിരുത്തിയിട്ടില്ല. അടുത്ത വർഷത്തെ ഫണ്ടിൽ തുക വകയിരുത്തുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ജീവനക്കാരുടെ സംയോജനം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതിന്റെ ഭാവി വികസനത്തിനാവശ്യമായിട്ടുള്ള പദ്ധതി പദ്ധതിയേതര ഇനങ്ങളിൽ തുക വകയിരുത്തുന്നതാണ്. നിലവിൽ ഇവിടെ ജോലി ചെയ്യുവരുന്ന എല്ലാ ജീവനക്കാർക്കും സംയോജനം പൂർത്തിയാകുന്നതുവരെ അവർ നിലവിൽ വാങ്ങിവന്നിരുന്ന ശമ്പളം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(20) കാൻസർ സബ്സെന്ററും ഡയാലിസിസ് യൂണിറ്റും അനുവദിക്കൽ

ശ്രീ. ആർ. രാജേഷ്: മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും കാൻസർ സബ്സെന്ററും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷൻ. നമ്മുടെ സമൂഹത്തിൽ ക്യാൻസർരോഗികളുടേയും വൃക്കരോഗികളുടേയും എണ്ണം വർദ്ധിച്ചുവരികയാണ്. ഇവർക്ക് ചികിത്സയ്യാവശ്യമായ സൗകര്യങ്ങൾ ജില്ലാടിസ്ഥാനത്തിലും, താലൂക്കടിസ്ഥാനത്തിലും വളരെ കുറവാണ്. ജില്ലാ ആശുപത്രികളിൽ ഇതിനാവശ്യമായ സൗകര്യങ്ങളില്ല. സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്യുന്നതിന് വലിയ ചെലവാണ്, സാധാരണക്കാരായ രോഗികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അത് താങ്ങാൻ കഴിയാത്ത സ്ഥിതിയാണ്. 60 ലക്ഷം രൂപ ചെലവഴിച്ച് ജില്ലാ ആശുപത്രിയിൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് ഒരു ഡയാലിസിസ് സെന്ററിനാവശ്യമായ സൗകര്യം ഒരുക്കിയിട്ടുണ്ട്. അതുകൊണ്ട് ഡയാലിസിസ് യൂണിറ്റ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ജില്ലാ ആശുപത്രിയിൽ ക്യാൻസർ സബ്സെന്റർ കൂടി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷന്റെ ഭാഗമായി ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രതിദിന ഒ.പി. ശരാശരി 900-വും ഐ.പി. 160-ഉം ആണ്. ഈ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ വകയിരുത്താമെന്നും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാനുള്ള അനുമതി ലഭ്യമാക്കണമെന്നുമുള്ള നിവേദനത്തിന്മേൽ ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കുവേണ്ടി പൊതുമരാമത്ത് വകുപ്പ് 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായും, ക്യാൻസർ കെയർ സെന്ററിനുവേണ്ടി ടി കെട്ടിടത്തിനുമുകളിൽ എം.എൽ.എ. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണെന്നും ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും ജില്ലയിൽ ഒരു കേന്ദ്രം എന്ന രീതിയിൽ ജില്ലാ ക്യാൻസർ കെയർ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജനറൽ ആശുപത്രിയിലാണ് പ്രസ്തുത കേന്ദ്രം ആരംഭിച്ചിട്ടുള്ളത്. ഇതിനായി ഒരു ഡോക്ടറിനും രണ്ട് നഴ്സുമാർക്കും വിദഗ്ധ പരിശീലനം നൽകി അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടകം നിരവധി രോഗികൾക്ക് കീമോതെറാപ്പി നൽകുന്നതിനും രോഗനിർണ്ണയം നടത്തുന്നതിനും ക്യാൻസർ അനുബന്ധ ചികിത്സ നടത്തുന്നതിനും ഈ സെന്റർ വഴി സാധിച്ചിട്ടുണ്ട്. കീമോതെറാപ്പി, പാലിയേറ്റീവ് കീമോതെറാപ്പി, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ, അസൈറ്റിക് ഫ്ലൂയിഡ് ടാപ്പിംഗ് തുടങ്ങിയ ചികിത്സാ വിധികളാണ് ഈ കേന്ദ്രത്തിലൂടെ നൽകിവരുന്നത്. ഒരു ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ ഒരു ക്യാൻസർ ചികിത്സാകേന്ദ്രം എന്ന തത്ത്വത്തിലാണ് ആലപ്പുഴയിൽ ജനറൽ ആശുപത്രിയിൽ ക്യാൻസർ കെയർ യൂണിറ്റ് ആരംഭിച്ചത്. ഇത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങളുമായിട്ടാണ് ആരോഗ്യവകുപ്പ് ഇപ്പോൾ മുന്നോട്ടുപോകുന്നത്.